(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 13-2-2014-ലെ പരിപത്രം സർക്കാരിന്റെ വിവിധ വകുപ്പുകൾക്കാണ് ബാധകമാക്കിയിട്ടുള്ളത്. എന്നിരുന്നാലും ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ളതും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും (റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകുന്ന തീയതി സഹിതം) അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശനനിർദ്ദേശം എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

നന്മസ്റ്റോറുകൾ

110 (6561) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നന്മസ്റ്റോറുകളിലായി ആകെ എത്ര ജീവനക്കാരാണ് താല്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ആകെ 1686 പേരാണ് താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത്.

സഹകരണ പെൻഷൻ പദ്ധതി പരിഷ്കരണം

111 (6562) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പെൻഷൻ തുകയുടെ പരിധികൾ പരമാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പെൻഷനോടൊപ്പം അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനും ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങളിൽനിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്ക്കരിക്കുന്നതിനായുള്ള സഹകരണ പെൻഷൻ ബോർഡിന്റെ ശിപാർശ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly